(സി) നവംബർ 2004 മുതൽ

(ഡി)

		ജനുവരി 2005 (Qtl.)	ഫെബ്രുവരി 2005 (Qtl.)	മാർച്ച് 2005 (Qtl.)
1.	ചെറുപയർ	44.05	1390.81	29.58
2.	കടല (വലുത്)	221.57	2251.37	-
3.	കടല (ചെറുത്)	-	53.13	-
4.	ഉഴുന്ന്	209.02	897.83	-
5.	ഉഴുന്നുപരിപ്പ്	5.00	-	-
6.	തുവരപരിപ്പ്	6.99	146.50	45.54
7.	പീസ്പരിപ്പ്	130.80	145.76	-
8.	വൻപയർ	455.17	877.66	21
9.	മുളക്	176.25	440.83	48.30
10.	മല്ലി	79.33	1385.46	19.75
11.	ജീരകം	62.08	64.38	-
12.	കടുക്	35.10	377.82	19.80
13.	ഉലുവ	138.03	184.77	49.30
14.	ഗ്രീൻ പീസ്	50	-	-
15.	പഞ്ചാസാര	-	1795.00	-

സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ഡ്രൈവർ തസ്തികയിലെ നിയമനം

59 [2676] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഡ്രൈവർ തസ്തികയിൽ നിയമനത്തിനായി പി. എസ്. സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതെന്നാണ്;

(ബി) ഈ ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേരെ നിയമിച്ചുവെന്ന് വെളിപ്പെടുത്താമോ;

(സി) ഒഴിവുള്ള തസ്തികകളിൽ ഇപ്പോൾ എത്ര പേർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നുവെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നത് നിയമവിരുദ്ധമല്ലേ;

(ഇ) സർക്കാരിന്റെ നൂറ് ദിവസത്തെ കർമ്മ പരിപാടികൾ പ്രകാരം ഒഴിവുള്ളതും ദിവസവേതനാടിസ്ഥാനത്തിൽ ആളുകളെ നിയമിച്ചിട്ടുള്ളതുമായ തസ്തികകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഡ്രൈവർമാരുടെ എത്ര ഒഴിവുകൾ കോർപ്പറേഷൻ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(എഫ്) ദിവസവേതനാടിസ്ഥാനത്തിൽ നിലവിൽ ജോലി ചെയ്യുന്നവരെ ഒഴിവാക്കി അത്തരം ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 10-6-2004-ൽ ആണ്.

(ബി) 38 പേരെ നിയമിച്ചു.

(സി) ഒഴിവുള്ള തസ്തികകളിൽ ദിവസ വേതന അടിസ്ഥാനത്തിൽ നിയമിക്കാറില്ല. സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി പി. എസ്. സി.-യിൽ നിന്നും ആവശ്യപ്പെട്ടിരുന്ന 8 ഡ്രൈവർമാരുടെ ലിസ്റ്റ് പ്രതീക്ഷിക്കുകയാണ്. കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ സംവരണം കോട്ട തികയ്ക്കുന്നതിന് 6 ഒഴിവുകൾ സ്പെഷ്യൽ റിക്രൂട്ട്മെന്റ് ലിസ്റ്റിൽ നിന്നും നികത്തുന്നതിനുള്ള ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു. അവരുടെ അഡ്വൈസ് ലിസ്റ്റ് കിട്ടുന്നതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴിയാണ് ഡ്രൈവർമാരെ നിയമിക്കുന്നത്. എന്നാൽ ചില ഒഴിച്ചുകൂടാനാവത്ത സാഹചര്യങ്ങളിൽ ഒരു വ്യാപാര സ്ഥാപനമെന്ന നിലയിൽ ചരക്കു ഗതാഗതം മുടങ്ങാതിരിക്കുവാനായി ദിവസവേതനത്തിൽ ആളുകളെ വച്ച് ചരക്കു വണ്ടികൾ ഓടിക്കുന്നതിന് അതാതു യൂണിറ്റ് മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നിയമവിരുദ്ധമാണ്. എസ്. സി./എസ്.റ്റി. ഉദ്യോഗാർത്ഥികളുടെ സ്പെഷ്യൽ റിക്രൂട്ട്മെന്റിനുള്ള ലിസ്റ്റ് പി. എസ്. സി.-യിൽ നിന്നും ആവശ്യപ്പെട്ടിട്ടുള്ളത് ലഭിച്ചിട്ടില്ല. അതിനാൽ ടി ലിസ്റ്റ് ലഭിക്കുന്നതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും താത്ക്കാലികമായി ഡ്രൈവർമാരെ തിരഞ്ഞെടുത്ത് നിയമിച്ചാണ് ആവശ്യം നിറവേറ്റുന്നത്. എന്നാൽ ചില സമയങ്ങളിൽ സ്ഥിരം ഡ്രൈവർമാരുടെ അവധി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമിച്ചവർ ഹാജരാകാതിരിക്കുക തുടങ്ങിയ ഒഴിച്ചുകൂടാനാവാത്ത സന്ദർഭങ്ങളിൽ ഒരു വ്യാപാര സ്ഥാപനം എന്ന നിലയിൽ ചരക്കു വണ്ടികളിൽ ദിവസ വേതനത്തിന് ആളുകളെ നിയമിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി റിപ്പോർട്ട് ചെയ്ത ഡ്രൈവർമാരുടെ എട്ട് ഒഴിവുകൾക്ക് പുറമേ ഇപ്പോഴത്തെ ലിസ്റ്റിൽ നിന്നും ഒരു ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(എഫ്) സ്വീകരിക്കും.

മഞ്ചേരി സിവിൽ സപ്ലൈസ് ഗോഡൗണിൽ ഭക്ഷ്യസാധനങ്ങൾ എത്തിക്കാൻ നടപടി

60 [2677] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി സിവിൽ സപ്ലൈസ് ഗോഡൗണിൽ ഭക്ഷ്യ സാധനങ്ങൾ എത്താത്തതിനാൽ തൊഴിലാളികൾ കഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഗോഡൗണിൽ ഭക്ഷ്യ സാധനങ്ങൾ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ബാധകമല്ല.

മഞ്ചേരി സിവിൽ സപ്ലൈസ് ഗോഡൗണിൽ ഭക്ഷ്യസാധനങ്ങൾ ഇറക്കാൻ നടപടി

61 [2678] ശ്രീ. ഇസഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി സിവിൽ സപ്ലൈസ് ഗോഡൗണിൽ ഭക്ഷ്യ സാധനങ്ങൾ ഇറക്കാൻ റീജിയണൽ മാനേജർ അനുവദിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഗോഡൗണിൽ ഭക്ഷ്യസാധനങ്ങൾ ഇറക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

LIBRARY ARCHIVES Kerala Legislative Assembly